**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1199** **04-07-2022 - ൽ മറുപടിയ്ക്ക്**

**പാറശാല, ഒറ്റശേഖരമംഗലം, കുടപ്പനമൂട് വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ച അമരവിള-കാരക്കോണം, ചൂണ്ടിക്കൽ -ചുരവക്കാണി, കീഴാറൂർ - പശുവണ്ണറ - തെള്ളുക്കുഴി റിംഗ് റോഡ്, കുടുവീട്ടുകടവ് പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ; ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പാറശ്ശാല മണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തിക അനുമതി ലഭിച്ച അമരവിള-കാരക്കോണം-കലിംഗനട – ആറാട്ടുകുഴി - കുത്താളി-കുട്ടപ്പു - ചുരവക്കാണി റോഡിൽ ഫസ്റ്റ് സ്ട്രെച്ച് ആയ അമരവിള -കാരക്കോണം റോഡിന്റെ പ്രവൃത്തി ഫേയ്സ് 1 ആയി സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് 24.06.2022-ലെ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങളനുസരിച്ച് എസ്റ്റിമേറ്റ് പ്രൈസ് മുഖേന ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുവാൻ കഴിയും. സെക്കൻറ് സ്ട്രെച്ച് ആയ കലിംഗനട-ചുരവക്കാണി റോഡ്, കിഫ്ബി പദ്ധതിയായ കീഴാറൂർ-പശുവണ്ണറ- തൊളിക്കുഴി റിംഗ് റോഡ് എന്നീ പ്രവൃത്തികൾ FDR പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുകയും ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.<br><br>കുടുവീട്ടിൽക്കടവ് പാലം പദ്ധതിക്ക് ആവശ്യമായ സ്ഥലമെടുപ്പ് നടപടികൾ റവന്യൂ വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയാക്കി പാലം പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും |
| (ബി) | അമരവിള ഒറ്റശേഖരമംഗലം റോഡ് നിർമ്മാണത്തിലെ അനിശ്ചിതത്വം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി എന്നത്തേക്ക് പുനരാരംഭിക്കാൻ കഴിയുമെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | അമരവിള - ഒറ്റശേഖരമംഗലം റോഡിന്റെ ശേഷിക്കുന്ന പ്രവൃത്തികൾക്കായി 27.86 കോടി രൂപയുടെ ബാലൻസ് എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ആയത് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (സി) | മലയോര ഹൈവേ കുടപ്പനമൂട് കള്ളിക്കാട് റീച്ചിലെ കുടപ്പനമൂട് മുതൽ വാഴിച്ചൽ വരെയുള്ള ഭാഗത്തെ | (സി) | മലയോര ഹൈവേ കുടപ്പനമൂട് കള്ളിക്കാട് റീച്ചിലെ കുടപ്പനമൂട്-വാഴിച്ചാൽ വരെയുള്ള ഭാഗത്തെ |

| | | | |
|---|---|---|---|
| | അലൈൻമെന്റ് ഭേദഗതി വരുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി സമർപ്പിച്ചിരുന്ന ഡീവിയേഷൻ നിർദ്ദേശത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | | അലൈൻമെൻറ് ഭേദഗതി നിർദ്ദേശം അനുസരിച്ച് തയ്യാറാക്കിയ പുതുക്കിയ ഡി.പി.ആർ കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഡിപിആർ കിഫ്ബിയുടെ അപ്രൈസ്സൽ വിഭാഗത്തിൽ അന്തിമ പരിശോധനയിലാണ്. |
| (ഡി) | നിർദ്ദിഷ്ട മലയോര ഹൈവേയുടെ തുടർച്ച നഷ്ടപ്പെടാതെ പ്രസ്തുത ഡീവിയേഷൻ നിർദ്ദേശം അംഗീകരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ഡി) | പ്രസ്തുത റീച്ചിന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ